"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>
<u>സമയബന്ധിതം</u>

# വ്യാവസായിക പരിശീലന വകുപ്പ്
# (കേരള സംസ്ഥാനം)

നമ്പർ: ജി1/117/2015 ചാക്ക, തിരുവനന്തപുരം
തീയതി: 02.07.2015

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജൂലൈ 2015 എ.ഐ.ടി.ടി (സെമസ്റ്റർ സ്കീം)- മൂന്നാം സെമസ്റ്ററിൽ ഹാൾടിക്കറ്റ് ലഭിക്കുകയും എന്നാൽ പരീക്ഷ എഴുതാത്തതും മൂന്നും നാലും സെമസ്റ്ററിൽ മതിയായ ഹാജർശതമാനം ഉള്ളതുമായ ട്രെയിനികളെ പരീക്ഷ എഴുതിപ്പിക്കുന്നത്- മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

സൂചന:- ഡി.ജി.ഇ.റ്റി- 19/4/11 സി.ഡി. (പി.റ്റി) നമ്പരായുള്ള 16.7.14 ലെ കത്ത്.

ജൂലൈ 2015 ൽ നാലാം സെമസ്റ്ററിലേക്ക് നടക്കുന്ന പരീക്ഷയുടെ അപേക്ഷകൾ ഓൺലൈൻ സംവിധാനത്തിലാണ് സ്വീകരിച്ചത്. മൂന്നാം സെമസ്റ്റർ പരീക്ഷയിൽ പങ്കെടുക്കുന്നതിന് ഹാൾടിക്കറ്റ് ഡയറക്ടറേറ്റിൽ നിന്ന് നൽകുകയും ടി പരീക്ഷയിൽ പങ്കെടുക്കുകയും ചെയ്ത ട്രെയിനികൾക്കാണ് ഓൺലൈൻ സംവിധാനം മുഖാന്തിരം നാലാം സെമസ്റ്ററിലേക്ക് അപേക്ഷകൾ സമർപ്പിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളത്. എന്നാൽ മൂന്നാം സെമസ്റ്റർ പരീക്ഷ എഴുതാൻ ഹാൾടിക്കറ്റ് ലഭിച്ചു എങ്കിലും ഒഴിച്ചുകൂടാൻ കഴിയാത്ത ചില സാഹചര്യത്തിൽ ടി പരീക്ഷ എഴുതിയില്ലെങ്കിലും മൂന്നാം സെമസ്റ്ററിൽ 80% ഹാജർ നേടി എന്നത് പരിഗണിച്ച് നാലാം സെമസ്റ്ററിൽ പഠിക്കാൻ പ്രിൻസിപ്പാൾമാർ അനുമതി നൽകുന്നുണ്ട്. ഇപ്രകാരമുള്ള ട്രെയിനികൾക്ക് നാലാം സെമസ്റ്ററിലും 80% ഹാജർ നേടിയിട്ടുണ്ടെങ്കിൽ മൂന്നും നാലും സെമസ്റ്റർ പരീക്ഷകളിൽ പങ്കെടുക്കാമെന്ന് ഡി.ജി.ഇ.റ്റി സൂചന പ്രകാരം അറിയിച്ചിരുന്നു. ഇപ്രകാരമുള്ള ട്രെയിനികളുടെ അപേക്ഷകൾ സ്വീകരിക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്.

1. സ്വകാര്യ / എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി ഐ.ടി.ഐകളിൽ ഇപ്രകാരമുള്ള ട്രെയിനികളുടെ പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള യോഗ്യത പരിശോധിക്കുന്നതിന് മൂന്നും നാലും സെമസ്റ്ററിൽ ടി ട്രെയിനി നേടിയ ഹാജർനില ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് അതാത് നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ ശുപാർശ ചെയ്യേണ്ടതാണ്.
2. സർക്കാർ ഐ.ടി.ഐകളിൽ ഇപ്രകാരമുള്ള ട്രെയിനികളുടെ പരീക്ഷയിൽ പങ്കെടുക്കാനുള്ള യോഗ്യത പരിശോധിയ്ക്കുന്നതിന് മൂന്നും നാലും സെമസ്റ്ററിൽ ടി ട്രെയിനി നേടിയ ഹാജർനില ബന്ധപ്പെട്ട രേഖകൾ

പരിശോധിച്ച് ബന്ധപ്പെട്ട ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാർ ശുപാർശ ചെയ്യേണ്ടതാണ്. (ഇൻസ്പെക്ടർ ഓഫ് ട്രെയിനിംഗുമാരുടെ അഭാവത്തിൽ പഴയ നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയാൽ മതിയാകും.)

സ്വകാര്യ / എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി ഐ.ടി.ഐ മേധാവികൾ ഇത്തരം ട്രെയിനികളുടെ വിവരങ്ങൾ ബന്ധപ്പെട്ട രേഖകൾ സഹിതം (അപേക്ഷകരുടെ 2 പകർപ്പുകൾ അടക്കം) നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും ഗവ.ഐ.ടി.ഐകളിലെ ഇത്തരം ട്രെയിനികളുടെ വിവരങ്ങൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.മാർക്ക് 08.07.2015 **നകം** തന്നെ പരിശോധനയ്ക്ക് സമർപ്പിക്കേണ്ടതും നോഡൽ ഐ.ടി.ഐ പ്രിൻസിപ്പാൾമാർ /ഐ.ടിമാർ ആയത് പരിശോധിച്ച് ട്രെയിനികളുടെ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രഫോർമയിൽ തയ്യാർ ചെയ്ത് അപേക്ഷയുടെ ഒരു മാതൃക കൂടി ഉൾപ്പെടുത്തി **10.07.2015** ന് പരീക്ഷാവിഭാഗത്തിൽ ലഭ്യമാക്കേണ്ടതുമാണ്. പരീക്ഷകൾ 20.07.2015 ന് ആരംഭിക്കുന്നതിനാൽ ആയതിൽ യാതൊരു കാലതാമസവും വരുത്താൻ പാടുള്ളതല്ല.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ./പ്രൈവറ്റ് ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും
ഐ.ടിമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എ്ജ- 30.6.15

## പ്രഫോർമ

| ക്രമ നം. | നോഡൽ ഐ.ടി.ഐ യുടെ പേര് | ഗവ/ സ്വകാര്യ / എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി ഐ.ടി.ഐകളുടെ പേര് | ട്രെയിനി യുടെ പേര് | ട്രേഡ് | മൂന്നാം സെമസ്റ്ററിലെ പരീക്ഷയിൽ പങ്കെടുക്കാൻ ലഭിച്ച ഹാൾടിക്കറ്റ് നമ്പർ |
|---|---|---|---|---|---|
| | | | | | |

മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങളിലെ ട്രെയിനികളുടെ മൂന്നും നാലും സെമസ്റ്ററുളിലെ ഹാജർനില ഞാൻ പരിശോധിക്കുകയും ആയത് പ്രകാരം ടി ട്രെയിനികൾ എ.ഐടി.ടി ജൂലൈ 2015 (സെമസ്റ്റർ സ്കിം) ന്റെ മൂന്നും നാലും സെമസ്റ്ററിലേക്കുളള പരീക്ഷ എഴുതാൻ യോഗ്യരാണെന്നും ഞാൻ ഇതിനാൽ ശുപാർശ ചെയ്യുന്നു.

ഐ.ടി/നോഡൽ ഐ.ടി.ഐ
പ്രിൻസിപ്പാൾമാരുടെ ഒപ്പും പേരും

ഓഫീസ് സീൽ

DGE&T 19/04/2011-CD (pt.)
Ministry of Labour & Employment
Government of India
Directorate General of Employment & Training
********************

Shram Shakti Bhawan, Rafi Marg
New Delhi, dated 16th July, 2014

To,
1. Secretaries/Principal Secretaries of all the State Govts / UT Administrations dealing with Vocational Training
2. Directors dealing with Vocational Training of all States/ UT Administrations

Subject: Enhancement in number of attempts to pass All India Trade Test (AITT) on Semester Pattern – regarding.

Sir/Madam

I am directed to refer to this office letter of even No. dated 18th November, 2013 on subject "Modified All India Trade Test (AITT) Procedure and marking scheme for all trades of Craftsmen Training Scheme (CTS) under semester pattern". Vide Para 5 of the above letter, failed trainees are given only 1 additional attempt to pass AITT on Semester pattern otherwise they had to take re-admission as ex-trainee in the same ITI(copy enclosed).

A large number of representations were received from Private ITI Associations and State Governments to review the above norms and to permit more number of chances to failed trainees to pass AITT on semester pattern.

Accordingly, it has now been decided that the trainees of ITIs will be given 5 attempts i.e. 1st attempt will be a regular attempt and 4 additional chances to failed trainees, to pass any semester examination of AITT with in a period of 5 years from the year of appearing for the regular attempt of that semester. Only the failed trainees will also be promoted to next semesters and would be allowed to write examination of subsequent semesters also.

Trainees who were otherwise eligible i.e. attendance was 80%, exam fee was paid and hall ticket was issued for appearing any Semester exam, however could not appear for AITT in that semester for some uncontrollable reason, shall also be promoted to subsequent semester with approval of State Director of respective State. Such trainees shall appear for that semester exam during next Semester AITT, and will be given only three additional attempts instead of four, to pass the semester exam.

Yours faithfully

(R.L. Singh)
Dy. Director General of Training

**Endt.on.G1/6373/14** **Directorate of Training,** Chackai, Thiruvananthapuram
Dated: 25.07.14

Copy communicated to all the Govt. / Pvt.ITI Principals for information and necessary action.

**For DIRECTOR OF TRAINING.**

Copy to: 1. CA to DT, ADT, Spl. Officer STI, ASPD (SPIU), JDT, JD (RJD), DySSA,DDT, All ITs, TTO, All TOs, SS(G), SF(G1),
2. To the Website